LIBRARY ARCHIVES Kerala Legislative Assembly

ഓപ്പൺ സ്കൂളിൽ കരാർ നിയമനം

117 [3643] *ശ്രീ. കെ. അച്ചുതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി. യുടെ കീഴിലുള്ള ഓപ്പൺ സ്കൂളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പത്രപരസ്യം വഴി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ എത്രപേർ ഇതനുസരിച്ച് അപേക്ഷ അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇവരിൽ നിന്നും നിയമനം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഓപ്പൺ സ്കൂളിൽ ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 2305 പേർ

(സി) തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

എസ്. സി. ഇ. ആർ. ടി.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം

118 [3644] *ശ്രീ. കെ. അച്ചുതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി. യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരായിട്ടുള്ള അക്കാദമിക് സ്റ്റാഫ് അംഗങ്ങളുടെ നിയമന കാലാവധി അഞ്ചു വർഷമാണോ;

(ബി) എസ്. സി. ഇ. ആർ. ടി. യിലെ ഉദ്യോഗസ്ഥരുടെ സേവന വ്യവസ്ഥകളുടെ സ്പെഷ്യൽ റൂൾസ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടികൾ എത്രത്തോളം ആയിട്ടുണ്ട്.

(സി) Centre for Mathematical Studies എന്ന സ്ഥാപനം ഗവൺമെന്റ് അംഗീകൃതമായ സ്വയംഭരണ സ്ഥാപനമാണോ; അവിടെ നിന്നുള്ള ആളുകളെ സർക്കാർ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണോ?